# യൂണിറ്റ് 13: സ്കൂൾവിക്കി - കണ്ടുതിരുത്തൽ


വിക്കിപീഡിയയിൽ തിരുത്തുകൾ വരുത്തുന്നവർക്കായി അവതരിപ്പിക്കുന്ന പുതിയ രീതിയാണ് വിഷ്വൽ എഡിറ്റർ അഥവാ കണ്ടുതിരുത്തൽ സൗകര്യം. വിക്കിപീഡിയ എഡിറ്റിംഗിനായി നിലവിലുണ്ടായിരുന്ന വിക്കി ടെക്സ്റ്റ് അഥവാ വിക്കി മാർക് അപ് ലാങ്വേജ് ടാഗുകൾ നേരിട്ടുപയോഗിക്കാതെ തന്നെ താളിന്റെ രൂപഘടനയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുവാൻ ഇത് ഉപയോക്താവിനെ സഹായിക്കുന്നു. വിക്കിമീഡിയ ഫൗണ്ടേഷൻ മുൻകൈ എടുത്ത് ഡെവലപ് ചെയ്യുന്ന ഒരു മീഡിയാ വിക്കി സങ്കേതമാണിത് . ഒരു വേഡ് പ്രൊസസർ എങ്ങനെയാണോ അനായാസം പ്രവർത്തിക്കുന്നത്; അതുപോലെ വിക്കിപീഡിയ തിരുത്താൻ ഈ ഉപകരണം സഹായിക്കുന്നു. എഡിറ്റിങ്ങ് വളരെയേറെ എളുപ്പത്തിൽ നടത്തുവാൻ സഹായിക്കുന്ന വിഷ്വൽ എഡിറ്റർ ആണ് ഇന്നത്തെ ചർച്ചാവിഷയം.

**തെരഞ്ഞെടുത്ത വാചകം റിച്ച് ടെക്സ്റ്റ് ഫോർമാറ്റിംഗ് രീതിയിൽ, കട്ടികൂടിയ എഴുത്താക്കുവാൻ, തലക്കെട്ട് സൃഷ്ടിക്കുവാൻ, ലേഖനത്തിൽ ചിത്രമോ, ഫലകമോ ചേർക്കുവാൻ ഒക്കെ ഈ സംവിധാനത്തിൽ കഴിയും.**

- മൌസുപയോഗിച്ചുതന്നെ ഇത്തരത്തിൽ താൾ ക്രമീകരിക്കുവാൻ കഴിയും. അതായത്, പുതിയ ഒരു ഉപയോക്താവിന് വിക്കി ഘടനകൾ (Syntax) അറിയില്ലെങ്കിലും വിക്കിപീഡിയ തിരുത്താൻ സാധിക്കും.
- നിങ്ങളുടെ തിരുത്തൽ താളിൽ തന്നെ നിങ്ങൾ ചെയ്യുന്നതെല്ലാം എങ്ങനെയിരിക്കും എന്ന് കാണുവാനും അതിനനുസരിച്ച് തിരുത്തുവാനും ഇതുവഴി കഴിയും.
- പുതുതായെത്തുന്നവർക്ക് സങ്കീർണ്ണമെന്ന് തോന്നിയേക്കാവുന്ന വിക്കി രൂപഘടനാ സംവിധാനം ലളിതമാക്കുക, വിക്കിപീഡിയ തിരുത്തുന്നതിലേക്ക് കൂടുതൽ ആളുകളെ ആകർഷിക്കുക, പുതിയ എഡിറ്റർമാർക്ക് പരസഹായമില്ലാതെ സ്വയം താളുകൾ തിരുത്തുന്നതിന് പ്രാപ്തമായ സാഹചര്യം സൃഷ്ടിക്കുക എന്നിവയൊക്കെയാണ് ഈ സംവിധാനത്തിലൂടെ സാധിക്കുന്നത്.





- വിഷ്വൽ എഡിറ്റർ ഉപയോഗിച്ച് ഒരു പേജ് തിരുത്തുന്നതിനായി, ലോഗിൻ ചെയ്തശേഷം, **തിരുത്തുക** എന്ന ടാബിൽ ക്ലിക്ക് ചെയ്യുക. ലേഖനം മുഴുവനായി തിരുത്തുന്നതിന് ഏറ്റവും മുകളിലുള്ള തിരുത്തുക എന്നത് എടുക്കുക.
- ഏതെങ്കിലും ഒരു ഉപവിഭാഗം മാത്രം തിരുത്തുന്നതിന് ആ ഉപതലക്കെട്ടിനൊപ്പമുള്ള തിരുത്തുക എന്നതിൽ ക്ലിക്ക് ചെയ്യുക




***സയൻസ് എന്ന വാക്കിലെ അക്ഷരത്തെറ്റ് കാണുക. തിരുത്താം ക്ലിക്ക് ചെയ്യുക***

അപ്പോൾ പേജ് Editable ആവുന്നു. വിവരങ്ങൾ കൂട്ടിച്ചേർക്കാം. അക്ഷരത്തെറ്റുകളോ മറ്റോ ഉണ്ടെങ്കിൽ അത്




***തെറ്റ് പരിഹരിച്ചശേഷം മാറ്റങ്ങൾ സേവ് ചെയ്യുക***

**തിരുത്തിയശേഷം സേവ് ചെയ്യണം.**


# വിഷ്വൽ എഡിറ്ററിൽ ഇൻഫോബോക്സ് തിരുത്തൽ

**വിദ്യാലയത്തിന്റെ അടിസ്ഥാനവിവരങ്ങൾ സംക്ഷിപ്തമായി ചേർത്തിട്ടുള്ള വളരെ പ്രധാനമായ ഭാഗമാണ് ഇൻഫോബോക്സ്. വിദ്യാർത്ഥികളുടെ വിവരങ്ങൾ ഉൾപ്പെടെയുള്ള വിവരങ്ങൾ ഇതിൽ അപ്ഡേറ്റ് ചെയ്യേണ്ടതായിട്ടുണ്ട്.**

- തിരുത്തുക എന്ന ഓപ്ഷൻ എടുത്തശേഷം ഇൻഫോബോക്സ് Double Click ചെയ്താൽ **തിരുത്താൻ സാധിക്കും.** വിക്കികോഡുകൾക്കോ ടാഗുകൾക്കോ മാറ്റം സംഭവിക്കാതെതന്നെ, ഇൻഫോബോക്സിൽ വിവരങ്ങൾ ചേർക്കാനാവും


ഇൻഫോബോക്സിൽ ചിത്രം വേണം. എന്നാൽ, ചിത്രം ചേർക്കുന്നത് ചർച്ച ചെയ്യുന്ന മോഡ്യൂൾ യൂണിറ്റ് പരിചയപ്പെട്ടതിന് ശേഷം മാത്രം ചെയ്യാം. മറ്റ് വിവരങ്ങൾ ഇല്ലെങ്കിൽ അഥവാ തിരുത്തേണ്ടതാണെങ്കിൽ ചെയ്യണം.

- **സ്കൂൾകോഡ് ഫീൽഡിൽ മാറ്റം വരുത്തരുത്.**
- പഠനവിഭാഗങ്ങൾ 1 - LP
- പഠനവിഭാഗങ്ങൾ 2 - UP
- പഠനവിഭാഗങ്ങൾ 3 – HS
- പഠനവിഭാഗങ്ങൾ 4 – HSS
- പഠനവിഭാഗങ്ങൾ 5 - VHSS






| ഗവ. എച്ച്. എസ്. എസ്. കടയ്ക്കൽ | |
|---|---|
| വിലാസം | |
| കടയ്ക്കൽ<br>കടയ്ക്കൽ പി.ഒ., 691536 | |
| സ്ഥാപിതം | 1 - 6 - 1950 |
| വിവരങ്ങൾ | |
| ഫോൺ | 0474 2422141 |
| ഇമെയിൽ | gvhskadakkal@gmail.com |
| കോഡുകൾ | |
| സ്കൂൾ കോഡ് | 40031 (സമേതം) |
| എച്ച് എസ് എസ് കോഡ് | 02114 |
| വി എച്ച് എസ് എസ് കോഡ് | 902005 |
| യുഡൈസ് കോഡ് | 32130200312 |
| വിക്കിഡാറ്റ | Q105813651 |
| വിദ്യാഭ്യാസ ഭരണസംവിധാനം | |
| റവന്യൂ ജില്ല | കൊല്ലം |
| വിദ്യാഭ്യാസ ജില്ല | പുനലൂർ |
| ഉപജില്ല | ചടയമംഗലം |
| ഭരണസംവിധാനം | |
| ലോകസഭാമണ്ഡലം | കൊല്ലം |
| നിയമസഭാമണ്ഡലം | ചടയമംഗലം |
| താലൂക്ക് | കൊട്ടാരക്കര |
| ബ്ലോക്ക് പഞ്ചായത്ത് | ചടയമംഗലം |
| തദ്ദേശസ്വയംഭരണസ്ഥാപനം | കടയ്ക്കൽ |
| വാർഡ് | 10 |
| സ്കൂൾ ഭരണ വിഭാഗം | |
| സ്കൂൾ ഭരണ വിഭാഗം | സർക്കാർ |
| സ്കൂൾ വിഭാഗം | പൊതുവിദ്യാലയം |
| പഠന വിഭാഗങ്ങൾ | ഹൈസ്കൂൾ<br>ഹയർസെക്കന്ററി<br>വൊക്കേഷണൽ<br>ഹയർസെക്കന്ററി |
| സ്കൂൾ തലം | 8 മുതൽ 12 വരെ |
| മാദ്ധ്യമം | മലയാളം, ഇംഗ്ലീഷ് |
| സ്ഥിതിവിവരക്കണക്ക് | |
| ആൺകുട്ടികൾ | 958 |
| പെൺകുട്ടികൾ | 889 |
| ആകെ വിദ്യാർത്ഥികൾ | 2310 |
| അദ്ധ്യാപകർ | 76 |
| ഹയർസെക്കന്ററി | |
| ആൺകുട്ടികൾ | 153 |
| പെൺകുട്ടികൾ | 189 |
| വൊക്കേഷണൽ ഹയർസെക്കന്ററി | |
| ആൺകുട്ടികൾ | 68 |
| പെൺകുട്ടികൾ | 53 |
| സ്കൂൾ നേതൃത്വം | |
| പ്രിൻസിപ്പൽ | നജീം എ |
| വിഎച്ച്എസ്എസ് പ്രിൻസിപ്പൽ | റജീന എസ് |
| പ്രധാന അദ്ധ്യാപകൻ | വിജയകുമാർ റ്റി |
| പി.ടി.എ. പ്രസിഡണ്ട് | അഡ്വ.റ്റി ആർ തങ്കരാജ് |
| എം.പി.ടി.എ. പ്രസിഡണ്ട് | പ്രിയ |
| അവസാനം തിരുത്തിയത് | |
| 14-03-2023 | 40031 |





- **ഏതെങ്കിലും പഠനവിഭാഗം ഇല്ലായെങ്കിൽ, ആ ഫീൽഡ് Blank ആയി വിടണം.**


## സ്കൂൾവിക്കി – കണ്ടുതിരുത്തൽ – (Formatting Tools)

തെരഞ്ഞെടുത്ത വാചകം റിച്ച് ടെക്സ്റ്റ് ഫോർമാറ്റിംഗ് രീതിയിൽ, കട്ടികൂടിയ എഴുത്താക്കുവാൻ, തലക്കെട്ട് സൃഷ്ടിക്കുവാൻ ഒക്കെ കണ്ടുതിരുത്തലിൽ കഴിയും.


## ഉപതലക്കെട്ട് സൃഷ്ടിക്കൽ





*ആവശ്യമുള്ള വാക്ക് ചേർക്കുക*





*തലക്കെട്ട, ഉപശീർഷകം ... ആവശ്യമുള്ളത് തെരഞ്ഞെടുക്കുക*





തലക്കെട്ട് ചേർത്തു




ഉള്ളടക്കം ചേർക്കുക




Formatting tools ഉപയോഗിച്ച് Text Editor ലേപ്പോലെ ഫോർമാറ്റിങ്ങ് നടത്താം.




*സെലക്റ്റ് ചെയ്ത വാക്കുകൾക്ക് Bold, Italics, Underline ... തുടങ്ങിയവ നൽകാം. Formatting ഒഴിവാക്കാൻ സെലക്റ്റ് ചെയ്ത് "നീക്കം ചെയ്യുക "എന്നതിൽ ക്ലിക്ക് ചെയ്യുക*

കുറിപ്പ്: Formatting മെനുവിലെ മറ്റ് സാധ്യതകൾ അവയുമായി ബന്ധപ്പെട്ട യൂണിറ്റുകളിൽ വിശദീകരിക്കുന്നതാണ്

# വീഡിയോ സഹായി ഫയൽ

---

മുഴുവൻ യൂണിറ്റുകളുടേയും pdf ഫയലുകളും പ്രയാസമുള്ള പ്രവർത്തനങ്ങൾ വിശദീകരിക്കുന്ന വീഡിയോ ഫയലുകളും ഇവിടെക്കാണാം

---

പരിശീലനത്തിൽ പങ്കെടുക്കുന്നവർ ഇവിടെ രജിസ്റ്റർ ചെയ്യുക.

ജില്ലയുടെ വാട്സ്ആപ്പ് ഗ്രൂപ്പിൽ ചേരുന്നതിന് ഇവിടെ സൗകര്യമുണ്ട്.

സാങ്കേതിക സഹായത്തിന് : SchoolwikiHelpDesk സന്ദർശിക്കുക